# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 23, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--304]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി | : 307 മുതൽ 409 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 410 മുതൽ 460 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 461 മുതൽ 542 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി | : 543 മുതൽ 610 വരെ |

**<u>പട്ടിക ജാതി കോളനികൾ</u>**

307 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികൾ ഉണ്ട് ;

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്നവർക്ക് സ്വന്തമായി വീട് ഉണ്ടോ;

(സി) സ്വന്തമായി വീട് ഇല്ലാത്തവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടോ;

(ഡി) പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ഉണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയതിന്റെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ടോ?

**<u>പാറശ്ശാല മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾ</u>**

308 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടിക ജാതി/ വർഗ്ഗ കുടുംബങ്ങളാണ് ഉള്ളതെന്നും ഇതിൽ ഭൂരഹിതരായ ഭവനരഹിതർ

എത്രപേർ ഉണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കി നൽകാമോ;

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ പദ്ധതി മുൻഗണനന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും വയ്ക്കുന്നതിനുള്ള ധനസഹായം

309 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുവാനുള്ള ഏതെല്ലാം പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾക്ക് പൊതുവിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് ഭവനപദ്ധതി

310 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകി വരുന്ന ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ ?

## കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട്

311 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഉത്തരവായി എന്ന് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർ

312 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്;

(സി) ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചെന്നും ഇനിയും പ്രയോജനം ലഭിക്കാത്ത എത്രപേർ ഉണ്ടെന്നുമുള്ളതിന്റെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## പിന്നോക്ക വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്കുള്ള ഭവനപദ്ധതികൾ

313 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗത്തിൽപെട്ട കുടുംബങ്ങൾക്കായി ഭവനപദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പിന്നോക്ക വിഭാഗങ്ങളിൽപെട്ടവർക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പിന്നോക്ക വിഭാഗത്തിൽപെട്ട എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും താലൂക്ക് തിരിച്ചും വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ എത്ര ഭവനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ

314 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ</u>**

315 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആവിഷ്കരിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

**<u>ആദിവാസി കോളനി നവീകരണം</u>**

316 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് ആദിവാസി കോളനി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം</u>**

317 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) പട്ടികജാതി കോളനികളിൽ ഭവന പുനർനിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി</u>**

318 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കിയെന്നും ബാക്കിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

319 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) പൂർത്തിയാക്കാത്ത പദ്ധതികൾക്കുള്ള തടസ്സങ്ങളെന്തെന്നും ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിലെ തടസ്സങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലമാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ ?

## <u>ഒറ്റപ്പാലം മണ്ഡലത്തിലെ മലമ്പണ്ടാരങ്ങൾ</u>

320 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ലക്ഷംവീട് കോളനി നിവാസികളുടെ സ്കൂൾ രേഖകളിൽ 'മലമ്പണ്ടാരങ്ങൾ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെടുത്തി ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം രേഖകൾ സമർപ്പിക്കണമെന്ന് വിശദീകരിക്കാമോ?

## <u>തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

321 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്നും, ഏതൊക്കെ കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്നുമുള്ള വിശദ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളനികളുടെ നവീകരണത്തിനായി സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദവിവരം അറിയിക്കുമോ?

## <u>അട്ടപ്പാടി വരടിമല ഫാമിന്റെ ഭൂമി</u>

322 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഫാമിങ് സൊസൈറ്റിയുടെ കൈവശമുള്ള വരടിമല ഫാമിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിരുന്നത്; ഇവർക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരുന്നത്;

(ബി) ഈ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ചെലവായത് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ ഇവിടെ എത്ര കുടുംബങ്ങളാണ് സ്ഥിരതാമസമുള്ളത്; ഈ ഫാം ഇപ്പോൾ തകർച്ചയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഫാമിന്റെ തകർച്ച സംബന്ധിച്ച് അന്വേഷണങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വരടിമല പുനരധിവാസ കേന്ദ്രത്തിലെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകുന്നതിന് ഉത്തരവായിരുന്നത്; പ്രസ്തുത ഭൂമി ഇടപാടിൽ നിയമലംഘനങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ നിയമലംഘകരായ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

## <u>കാസർകോട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ</u>

323 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ടെന്ന് മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പത്ത് വർഷക്കാലം അനുവദിച്ച പദ്ധതികൾ ഏതാണെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) അപ്രകാരം അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം കോളനികളിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ച പദ്ധതികൾ പ്രകാരം ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് കോളനികൾ തിരിച്ചു വ്യക്തമാക്കാമോ; പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പിന്റെ ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>ആദിവാസി കോളനിയിലേക്ക് നടപ്പാലം</u>

324 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ഇരുട്ടുകുത്തിക്കടവിൽ ആദിവാസി കോളനികളിലേക്ക് എത്തിച്ചേരുന്നതിനായി നിർമ്മിച്ചിരുന്ന നടപ്പാലം 2019-ലെ പ്രളയത്തിൽ ഒലിച്ചുപോയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നടപ്പാലം ഇല്ലാത്തതിനാൽ ഉൾവനത്തിനുള്ളിലെ മൂന്ന് ആദിവാസി കോളനികളിലെ 60 കുടുംബങ്ങൾ ഒറ്റപ്പെട്ടതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇരുട്ടുകുത്തിക്കടവിൽ ഒരു കോടി 20 ലക്ഷം രൂപ ചെലവഴിച്ച് ഇരുമ്പു തൂക്കുപാലം നിർമ്മിക്കുന്നതിന് പട്ടികവർഗ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാനാകുമോ എന്ന് അറിയിക്കാമോ;

(ഡി) ഇരുട്ടുകുത്തിക്കടവിൽ തൂക്കുപാലം നിർമ്മിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം

325 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ എത്ര കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനകും എന്നാണ് പ്രതീക്ഷിക്കുന്നത്?

## അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

326 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാരിന്റെ അംബേദ്ക്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പട്ടികജാതി സങ്കേതങ്ങളുടെ/കോളനികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## പട്ടുവം മുതുകുട കോളനി നവീകരണം

327 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം മുതുകുട കോളനിയുടെ

നവീകരണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

328 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

329 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി./എസ്. ടി. വിഭാഗങ്ങൾക്കെതിരെരെയുള്ള അതിക്രമങ്ങൾ നിരോധിക്കുന്ന നിയമം പ്രകാരം 2016 മുതൽ 2021 വരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഈ കേസുകളിലെ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വർഷം തിരിച്ച് നൽകാമോ?

## ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് തട്ടിപ്പ്

330 **ശ്രീ . ടി. വി. ഇബ്രാഹിം**
**ഡോ. എം.കെ . മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള വിവാഹ സഹായം, പഠനമുറി, സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള ഫണ്ട്എന്നിവ തട്ടിപ്പുനടത്തുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത സംഭവങ്ങൾ എവിടെ നിന്നെല്ലാമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടി രിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

331 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻപഠനം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം

332 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എസ്. സി./എസ്.റ്റി ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം മത്സര പരീക്ഷകൾക്കാണ് സൗജന്യപരിശീലനം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സര പരീക്ഷകൾക്കായി സ്വകാര്യ പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന എസ്. സി./എസ്.റ്റി ഉദ്യോഗാർത്ഥികളുടെ പരിശീലന ചെലവ് വകുപ്പ് ഏറ്റെടുക്കാറുണ്ടോ;

(സി) മുൻസിഫ് മജിസ്ട്രേറ്റ് തസ്തികയിലേക്കുള്ള ജുഡീഷ്യൽ ടെസ്റ്റുകൾക്ക് വേണ്ടി എസ്. സി./എസ്.റ്റി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരിശീലനം നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

## ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം

333 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോലും എത്തിയിട്ടില്ലാത്ത ഉൾപ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസ സംവിധാനത്തിന് പുറത്തായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## ഓൺലൈൻ വിദ്യാഭ്യാസം

334 **ശ്രീ പി സി വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വിദ്യാഭ്യാസം ലഭിക്കാത്തതിലുള്ള മാനസ്സിക സമ്മർദ്ദത്തെ തുടർന്ന് സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കുവാനും കുട്ടികൾക്ക് ആത്മധൈര്യം പകരാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

335 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകളിൽ പ്രവേശനം നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) സർക്കാർ ക്വാട്ടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കാമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

336 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗം പൊതുവിദ്യാഭ്യാസ ധാരയിൽ നിന്നും ഒറ്റപ്പെട്ട് പോകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന്; വിശദമാക്കുമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

337 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ്, ഡി.ടി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം അപ്രാപ്യമായത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം

338 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ളവ എല്ലാവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നെറ്റ് കണക്ഷൻ ലഭിക്കാത്ത സ്ഥലങ്ങളിൽ അവ ലഭ്യമാക്കാൻ അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദമാക്കുമോ?

## പട്ടികജാതി/പട്ടികവർഗ്ഗ കുടുംബത്തിലെ കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യം

339 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ രോഗ വ്യാപന ഭീഷണിയെത്തുടർന്ന് തുടർപഠനങ്ങൾ ഓൺലൈൻ ആക്കിയ സാഹചര്യത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക കുടുംബങ്ങളിലെ കുട്ടികൾക്ക് സ്മാർട്ട് ഫോണും മോബൈൽ കണക്ടിവിറ്റിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ലഭിക്കുന്നു എന്ന് സർക്കാർ ഉറപ്പ് വരുത്തുമോ; വിശദമാക്കുമോ ?

## ഉന്നത വിദ്യാഭ്യാസത്തിന് നൽകിയിരുന്ന ആനുകൂല്യം

340 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 30.4.1980 തീയതിയിലെ നോട്ടിഫിക്കേഷൻ 11 പ്രകാരം 2009 വരെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നോ;

(ബി) പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 02.07.2009 ലെ സ.ഉ(പി) നം.50/2009/പജപവവിവ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് നൽകിയിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ റദ്ദാക്കിയിട്ടുണ്ടോ;

(സി) പട്ടിജാതി /പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ ശൂന്യവേതന അവധിയെടുത്ത് ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ അവർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ 30.4.1980 തീയതിയിലെ നോട്ടിഫിക്കേഷൻ 11 പ്രകാരം 2009 വരെ നൽകിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുന സ്ഥാപിക്കുന്നതിന് പട്ടിക ജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കുമോ?

## ഇ-ഗ്രാന്റ്സ് മുഖാന്തിരം ട്യൂഷൻ ഫീസ്

341 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ടീച്ചർ ട്രെയിനിംഗ് കോളേജുകളിലെ എസ്. സി./എസ്. ടി./ഒ. ഇ.സി.

വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുള്ള 2020-21 ലെ ട്യൂഷൻ ഫീസ് ഇ-ഗ്രാന്റ്സ് മുഖാന്തിരം നൽകിയിട്ടുണ്ടോ; ഓരോ ജില്ലയിലെയും ഏതെല്ലാം സ്ഥാപനങ്ങളിലുള്ള എത്ര കുട്ടികൾക്കാണ് ഇത്തരത്തിൽ ട്യൂഷൻ ഫീസ് നൽകുവാനുള്ളത്; ട്യൂഷൻ ഫീസ് നാളിതുവരെയും നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

342 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട കുന്നംകുളം താലൂക്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള എം.ആർ.എസ്. കളിൽ ആധുനിക തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത്തരം കോഴ്സുകൾ കൂടി പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം

343 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച 02.07.2009 ലെ സ.ഉ(പി) നം. 50/2009/പജപവവിവ ഉത്തരവിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് പ്രായ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ജെ. ആർ. എഫ്- ന് പ്രായപരിധി നിശ്ചയിച്ചു കൊണ്ട് യു.ജി.സി പുറപ്പെടുവിച്ച ഉത്തരവ് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഗവേഷണ വിദ്യാർത്ഥികൾക്ക് പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പ് വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ;

(സി) ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രായപരിധി നിശ്ചയിച്ച വകുപ്പിന്റെ തീരുമാനം പുനഃപരിശോധിച്ച് പ്രായഭേദമന്യേ ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## ഓൺലൈൻ പഠന സൗകര്യം

344 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ?

## സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം

345 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണോ നൽകുന്നത്; യഥാർത്ഥ ഗുണഭോക്താവ് തന്നെയാണ് ആനുകൂല്യം കൈപ്പറ്റുന്നതെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സാമൂഹ്യ പഠനമുറി പദ്ധതി

346 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ?

## വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം

347 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശ്രീനിവാസപുരം പട്ടികജാതി ഐ.ടി. ഐ. ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ള തുക പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## വെങ്ങാനൂർ അയ്യൻകാളി യു.പി. സ്കൂൾ

348 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ അയ്യൻകാളി സ്ഥാപിച്ച ശ്രീ. അയ്യൻകാളി യു.പി.എസ്, വെങ്ങാനൂർ, ഏറ്റെടുത്തു മോഡൽ റെസിഡെൻഷ്യൽ സ്കൂൾ ആക്കും എന്ന മുൻ സർക്കാരിന്റെ ബജറ്റ് പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## സാമൂഹ്യ പഠനമുറി പദ്ധതി

349 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണ് എന്നറിയിക്കാമോ?

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

350 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടിക വർഗ വകുപ്പിന് കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പഠനത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങൾ കൂടുതലുള്ള മഞ്ചേശ്വരം താലൂക്കിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

351 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

352 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേ ക്കുയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒട്ടാകെയുള്ള 20 എം.ആർ.എസ്. കളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും ടെൻഡർ നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## വിദേശ സർവ്വകലാശാലകളിൽ പഠനം

353 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

354 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും

ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനുമായി നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഇ-ഗ്രാന്റ്സ് ആനുകൂല്യം/ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

355 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസനിധി, ഇ-ഗ്രാന്റ്സ് ആനുകൂല്യം എന്നീ ഇനങ്ങളിൽ 2016 - 17 വർഷം മുതൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ;

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

356 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്ടിവിറ്റി വളരെക്കുറഞ്ഞ മലയോര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

357 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ മുതുകാട് എന്ന സ്ഥലത്ത് റവന്യൂ വകുപ്പിൽ നിന്നും പട്ടികജാതി ക്ഷേമ വകുപ്പിന് അഞ്ച് ഏക്കർ സ്ഥലം കൈമാറി കിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്നും 16.48 കോടി രൂപ അനുവദിച്ച് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദാംശം ലഭ്യമാക്കാമോ?

## വെറ്റിലപ്പാറയിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ

358 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ് മെൻ കോളനി സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

## സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ

359 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി കവളങ്ങാട് സ്റ്റേറ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും നാളിതുവരെയും പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം അനുവദിക്കാതെ അടച്ചിട്ടിരിക്കുന്നതിനാൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ആദിവാസികൾക്ക് തൊഴിൽ പരിശീലനം

360 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ആദിവാസി തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പരമ്പരാഗത തൊഴിലുകളിൽ പരിശീലനം നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ആദിവാസി മേഖലയായ നരിക്കോട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സാംസ്കാരിക നിലയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സാംസ്കാരിക നിലയത്തിൽ ആദിവാസികൾക്കായി ഏതൊക്കെ തൊഴിലുകളിലാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ?

## പട്ടിക വർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി

361 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുള്ള എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളിലും ഈ പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് ജോലി നൽകാനുണ്ടെന്നും

അറിയിക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

362 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

363 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഭരണിക്കാവ് , മാവേലിക്കര ബ്ലോക്ക് പഞ്ചായത്തുകളിൽ അനുവദിച്ച കോർപ്പസ് ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇവയുടെ നിലവിലെ സ്ഥിതിവിവരം വ്യക്തമാക്കുമോ?

## ലൈഫ് ഭവന പദ്ധതി

364 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നൽകിയിട്ടുണ്ട്; വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

## പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭൂമി കൈമാറ്റം

365 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള പാലക്കാട് മെഡിക്കൽ

കോളേജിന്റെ ഭൂമി നഗരസഭയ്ക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരമൊരു ഭൂമി കൈമാറ്റം നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്ത് അടിസ്ഥാനത്തിലാണ് ഇപ്രകാരം കൈമാറുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമി കൈമാറുന്നത് പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ നടപടി റദ്ദാക്കുമോ?

## കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പ്

366 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമത്തിനുള്ള കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ വിതരണം ട്രഷറി മുഖേനയാണോ നടക്കുന്നത് ; എങ്കിൽ ഫണ്ട് വിതരണത്തിൽ തിരിമറി നടക്കാൻ കാരണമായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ തട്ടിയെടുത്ത പണം ഏതെങ്കിലും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയിലെ നേതാക്കളുടെ ബന്ധുക്കളുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം പട്ടികജാതി ക്ഷേമ ഫണ്ടിൽ തിരിമറി നടത്തി പാർശ്വവൽകൃത ജനസമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായ നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമം

367 **ശ്രീ. എം. എം. മണി**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമത്തിനായി ക്ഷേമ പരിപാടികളോടൊപ്പം സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കും ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ വിഭാവനം ചെയ്യുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയിലും ഡിജിറ്റൽ ഇക്കോണമിയിലും ഇവർക്ക് അർഹമായ അവസരം ഉറപ്പാക്കുന്നതിന്

നൈപുണ്യശേഷിയും കർമ്മശേഷിയും ഉറപ്പ് വരുത്തുന്നതിനുള്ള മാർഗം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ സംരംഭകത്വശേഷി വികസനത്തിനുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

## പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഇ – ഫയൽ സംവിധാനം

368 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളുടെ ഗുണം ആദിവാസി വിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ വീഴ്ച്ചകളും അഴിമതികളും അന്വേഷിക്കാൻ ഒരു സ്വതന്ത്ര അന്വേഷണ സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതി

369 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ പോരായ്മ പരിഹരിക്കുവാനും ഫണ്ട് ലാപ്സാകാതിരിക്കാനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പെസ നിയമം

370 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെസ നിയമം നടപ്പാക്കുന്നതിനായി വിജ്ഞാപനം ചെയ്യേണ്ട പട്ടികവർഗ്ഗ പ്രദേശങ്ങൾ തെരഞ്ഞെടുക്കുവാൻ നിയോഗിച്ച ഹയർ ലെവൽ കമ്മിറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനം വ്യക്തമാക്കുമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

371 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

372 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവർത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## തൃശ്ശൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

373 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

## ആദിവാസി പുനരധിവാസം

374 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം ആദിവാസി പുനരധിവാസ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; ഓരോ പുനരധിവാസ മേഖലയിലും വികസനത്തിന് നീക്കിവെച്ച തുക എത്രയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) പട്ടിക ജാതി -പട്ടിക വർഗ വിഭാഗങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ തയാറാക്കുന്നതിന് വേണ്ടി കിർത്താഡ്സിന് സർക്കാർ എത്ര തുക നൽകി; എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഏതെല്ലാം റിപ്പോർട്ടുകളാണ് സമർപ്പിച്ചത്;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിലും ആറളം ഫാമിങ് കോർപ്പറേഷനിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

## ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ

375 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുമ്പോൾ സർക്കാർ മുന്നോട്ട് വച്ച ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മേഖലയും വർഷവും തിരിച്ച്

വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ചെലവഴിച്ച തുക എത്രയെന്ന് വർഷം തിരിച്ചും ഏതെല്ലാം ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

**<u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി</u>**

376 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികൾ</u>**

377 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

**<u>പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങൾ</u>**

378 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വ്യവസായ പരിശീലനത്തിനായി കേന്ദ്രസഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും കണക്കിലെടുത്ത് ഈ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന പരിപാടികൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

379 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങൾ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മുൻ വർഷങ്ങളേക്കാൾ കൂടുതൽ ശിശുമരണം അട്ടപ്പാടിയിൽ സംഭവിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

## പട്ടികജാതിക്ഷേമ വകുപ്പിന്റെ പദ്ധതികൾ

380 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

## വാത്സല്യനിധി പദ്ധതി

381 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

## പഠനമുറി നിർമിച്ചു നൽകുന്ന പദ്ധതി

382 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച നിലവിലെ പദ്ധതികൾ ഏതൊക്കെ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിച്ചു നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും, ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി/വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

383 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം പട്ടികജാതി /വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷകൾ നിലവിൽ പെൻഡിംഗ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ

384 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പദ്ധതികൾക്ക് അനുവദിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ?

## സാമൂഹ്യ പഠനമുറി പദ്ധതി

385 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്താണ്; 2019-20, 2020-21 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ എത്ര സാമൂഹ്യ പഠനമുറികൾ സ്ഥാപിച്ചു; ഇവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി ക്ഷേമ വകുപ്പ് മലമ്പുഴയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

386 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ

സ്ഥിതിയും അറിയിക്കാമോ?

## ആദിവാസി പുനരധിവാസ മിഷൻ

387 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഓരോ പുനരധിവാസ മേഖലയുടെയും വികസനത്തിനായി നീക്കിവെച്ച തുക എത്രയാണ്; അതിൽ എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കുമോ;

(സി) പട്ടികജാതി -പട്ടികവർഗ വിഭാഗങ്ങളെക്കുറിച്ച് ഏതൊക്കെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാണ് കിർത്താഡ്സിന് സർക്കാർ തുക അനുവദിച്ചത്; ഇവയിൽ ഏതൊക്കെ റിപ്പോർട്ടുകളാണ് ഇതിനോടകം സമർപ്പിക്കപ്പെട്ടിട്ടുള്ളത് ?

## റാന്നിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

388 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ വിവിധ പദ്ധതികൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗക്കാർക്കും ആദിവാസി ജനതയ്ക്കുമായി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ റാന്നി നിയോജക മണ്ഡലത്തിലെ പട്ടിക വർഗ്ഗ / ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ പട്ടികയായി ലഭ്യമാക്കാമോ?

## പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗം

389 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നൽകുന്ന പട്ടികജാതി ക്ഷേമ ഫണ്ട് സംസ്ഥാനത്ത് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഫണ്ട് വിതരണം ചെയ്യുന്ന രീതി എന്താണെന്നും

അറിയിക്കുമോ;

(സി) എസ്.സി. പ്രമോട്ടർമാരെ സ്വാധീനിച്ച് ഒരു വിഭാഗം രാഷ്ട്രീയ നേതാക്കൾ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി അറിയിക്കുമോ;

(ഡി) പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംഭവത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

## പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട്

390 **ശ്രീ. പി. ടി. തോമസ്**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമത്തിനായുള്ള കേന്ദ്ര ഫണ്ട് വിനിയോഗത്തിൽ തിരിമറി നടത്തി ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജനവിഭാഗം നേതാവിന്റെ മാതാപിതാക്കളുടെ അക്കൗണ്ടിലേക്ക് ട്രഷറി വഴി പണം മാറ്റിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എങ്കിൽ ഈ തട്ടിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട പണം തട്ടിയെടുക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കുന്നതിനും അർഹതപ്പെട്ടവരിലേക്ക് സഹായങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

## പട്ടിക ജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ ഒഴിവുകൾ

391 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ നിർവഹണ ഉദ്യോഗസ്ഥരുടെ നിലവിലുള്ള ഒഴിവുകൾ എത്രയാണ് ; അത് നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) പല ഓഫീസുകളിലും വികസന പദ്ധതികൾ നിർവഹണം നടത്തുന്നതിന് ഉദ്യോഗസ്ഥർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി ഒഴിവുകൾ നികത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം നഗരസഭയിൽ പട്ടിക ജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ?

## വാത്സല്യനിധി പദ്ധതി

392 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട

പെൺക്കുട്ടികൾക്കായി നടപ്പിലാക്കിയിരുന്ന വാത്സല്യനിധി പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതിപ്പെടുത്തിയിട്ടുണ്ടോ; വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ?

## ആദിവാസി പുനരധിവാസ മേഖലയിലെ ടൂറിസം പദ്ധതി

393 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വരടിമല പുനരധിവാസ മേഖലയിൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇവിടെ ഫാമിങ് സൊസൈറ്റി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് പട്ടികവർഗവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആദിവാസികളുടെ പുനരധിവാസത്തിനും കൃഷിക്കും അനുവദിച്ച ഭൂമിയിൽനിന്ന് അവരെ ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് ആദിവാസി ഭൂമി കൈയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായം

394 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാക്കിയത് പുന:പരിശോധിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നത് പോലെ പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങളിൽ നിന്നും എം. .എൽ.എ മാർ മുഖേന നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വകരിക്കുമോ?

## ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി

395 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതരായ 14 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2 ഏക്കർ 60 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്നതിന് ജനകീയ കമ്മിറ്റി കൈക്കൊണ്ട തീരുമാനത്തിനെ തുടർന്നുള്ള നടപടി എന്തായി എന്നറിയിക്കാമോ;

(ബി) ജനകീയ കമ്മിറ്റി തീരുമാനം എടുത്തത് എന്നാണ്;

(സി) ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ

നമ്പർ സഹിതം അറിയിക്കാമോ?

**ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി**

396 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽ ഉള്ളവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**പട്ടികവർഗ്ഗ മേഖലകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

397 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാണോ;

(ബി) പട്ടികവർഗ്ഗ മേഖലയിൽ രോഗബാധ പടരാതിരിക്കാൻ എന്തൊക്കെ ജാഗ്രതാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**ചികിത്സാ സഹായം**

398 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് പട്ടിക ജാതി വികസന വകുപ്പ് മുഖാന്തിരം ചികിത്സാസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര അപേക്ഷകൾക്ക് തുക അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

**തളിപ്പറമ്പ് മണ്ഡലത്തിൽ ക്രാഫ്റ്റ് വില്ലേജ്**

399 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് അവരുടെ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ വില്ക്കുന്നതിനുമായി തരൂർ മണ്ഡലത്തിൽ ഒരു ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കണ്ണമ്പ്ര പഞ്ചായത്തിൽ 33 കോടി രൂപ വിനിയോഗിച്ച് പിന്നോക്ക വിഭാഗ കോർപ്പറേഷൻ നിർമ്മിക്കാൻ പോകുന്ന പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന് അഞ്ചര ഏക്കർ ഭൂമി വിട്ട് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ സാധിക്കുമെന്ന്

വിശദമാക്കാമോ?

**ദേവസ്വം ബോർഡുകൾക്കുള്ള സാമ്പത്തികസഹായം**

400 **ശ്രീ . എൻ . ഷംസുദീൻ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെത്തുടർന്ന് ദേവസ്വം ബോർഡുകൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ദേവസ്വം ബോർഡുകൾക്ക് എന്തെല്ലാം സാമ്പത്തികസഹായങ്ങൾ നൽകിയിട്ടുണ്ട്;

(സി) ദേവസ്വം ബോർഡുകളെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**സ്വകാര്യ ക്ഷേത്രങ്ങളുടെ നവീകരണം**

401 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മാന്യമായ വേതനം നൽകുന്നതിനുമായി എന്തെങ്കിലും വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ക്ഷേത്രകല അക്കാദമിക്ക് ആസ്ഥാന മന്ദിരം**

402 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകല അക്കാദമിക്ക് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

403 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 ജൂൺ 1 മുതൽ 2021 ജൂൺ 30 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റാന്നി നിയോജക മണ്ഡലത്തിൽ ശബരിമല വികസന പദ്ധതിയുടെ ഭാഗമായി

നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ശബരിമല ദർശനം സുഗമമാക്കുന്നതിന് നടപടി</u>

404 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനം സുഗമമാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ശബരിമല ദർശനത്തിനുള്ള ഓൺലൈൻ സംവിധാനമായ വെർച്വൽ ക്യൂ ബുക്കിംഗിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഭക്തജനങ്ങളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂർ ഓപ്പറേറ്റർമാർ കൂട്ടത്തോടെ ബുക്ക് ചെയ്യുന്നതിനാൽ വെർച്വൽ ക്യൂ ലഭിക്കുന്നവരിൽ ഏറെയും ഇതര സംസ്ഥാനക്കാരാണ് എന്ന പരാതി പരിശോധിക്കുമോ;

(ഡി) പോലീസ് നിയന്ത്രണത്തിലുള്ള ബുക്കിംഗ് ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനും വെർച്വൽ ക്യൂവിന് പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>മലബാർ ദേവസ്വം നിയമം</u>

405 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനെകുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ദേവസ്വം നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈകൊണ്ടിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഇ) മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ വേതനം</u>

406 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദായ ക്ഷേത്രങ്ങളും കുടുംബക്ഷേത്രങ്ങളുമുൾപ്പെടെ എത്ര ഹിന്ദു ആരാധനാലയങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ദേവസ്വം ബോർഡുകളുടെ പട്ടികയിൽ സംസ്ഥാനത്ത് ആകെ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദേവസ്വം ക്ഷേത്രങ്ങളെ എത്ര ബോർഡുകളാക്കി തിരിച്ചിട്ടുണ്ടെന്നും ഈ ക്ഷേത്രങ്ങളിൽ അതത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നാണോ ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത ക്ഷേത്രങ്ങളിലെ മേൽശാന്തി, കീഴ്ശാന്തിമാർക്ക് ക്ഷേത്ര കമ്മിറ്റിക്കാർ നൽകുന്നത് നാമമാത്ര തുകയാണെന്നും നിത്യവും ഭക്തരിൽ നിന്ന് കിട്ടുന്ന ദക്ഷിണയാണ് ഇവർക്കാശ്വാസമെന്നതും ലോക്കഡൗണിൽ ക്ഷേത്രങ്ങൾ അടച്ചതോടെ വരുമാനം ഇല്ലാതായ ഇവർ ദുരിതജീവിതമാണ് നയിക്കുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

## പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡ്

407 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം മൂലം വരുമാനം കുറഞ്ഞ് പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മുഴുവൻ ക്ഷേത്ര ജീവനക്കാർക്കും ക്ഷേത്രങ്ങളുടെ വരുമാന പരിധി മാനദണ്ഡമാക്കാതെ ശമ്പളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതുകൊണ്ട് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷേമനിധിയിൽ നിന്ന് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മാവേലിക്കരയിലെ ക്ഷേത്രക്കുളങ്ങൾ

408 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി അരംഭിക്കുമോ; വ്യക്തമാക്കാമോ;

(ബി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വേലകുളവും, വലിയ കുളവും നവീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുളങ്ങൾ

നവീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുളങ്ങൾ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കൽ**

409 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളുടെ കാവുകളും, കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ ?

**ഇടുക്കി ഉപ്പുതറയിലെ തടി കടത്ത്**

410 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ചിയാർ പഞ്ചായത്ത് മുൻ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഇടുക്കി ഉപ്പുതറ ഏലമല കാട്ടിൽ നിന്നും കടത്തിയ 10 ലോഡ് തടികൾ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പിടികൂടിയിട്ടുണ്ടോ;

(ബി) എങ്കിൽ വനംവകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**മരംമുറി ഉത്തരവ്**

411 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവാദമായ മരംമുറി ഉത്തരവ് വനംവകുപ്പുമായി കൂടിയാലോചിക്കാതെ റവന്യൂ വകുപ്പ് ഏകപക്ഷീയമായി പുറപ്പെടുവിച്ചതാണെന്ന് വനംവകുപ്പ് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വനഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ പ്രസ്തുത ഉത്തരവ് സഹായിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കൂടുതൽ ഉന്നത ഉദ്യോഗസ്ഥർ ഇതിലുൾപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**അനധികൃത ഈട്ടി കടത്ത്**

412 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് വൻ തോതിൽ ഈട്ടി അടക്കമുള്ള മരങ്ങൾ അനധികൃതമായി കടത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എട്ട് ജില്ലകളിൽ നിന്നുമായി അയ്യായിരത്തോളം ഈട്ടിത്തടികൾ അനധികൃതമായി കടത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ വനം വകുപ്പിലെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥർ ഇതിന് കൂട്ടുനിന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വൃക്ഷവൽക്കരണ പദ്ധതി

413 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗോത്രവർഗ ഊരുകളിൽ വൃക്ഷവൽക്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 33 ശതമാനം വൃക്ഷാവരണത്തിന്റെ കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) വനം സംരക്ഷിക്കുന്നതിന് ഗോത്രവർഗ സമൂഹം വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വനമഹോത്സവത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

## വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘം

414 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന വനംകൊള്ള അന്വേഷിക്കുന്നതിന് വേണ്ടി വനം വകുപ്പ് നിയോഗിച്ച അന്വേഷണ സംഘത്തിൽ നിന്നും ഏതെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിരുന്നോ;

(ബി) എങ്കിൽ അദ്ദേഹത്തെ അന്വേഷണ സംഘത്തിൽ നിന്നും മാറ്റിയതിനുള്ള കാരണം അറിയിക്കുമോ;

(സി) ടിയാനെ വീണ്ടും അന്വേഷണ സംഘത്തിൽ ഉൾപ്പെടുത്തുക ഉണ്ടായോ; എങ്കിൽ ഇതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

## മുട്ടിൽ മരം മുറി

415 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറിക്ക് ഇടയാക്കിയ ഉത്തരവിനുശേഷം സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങൾ മുറിച്ചുമാറ്റി എന്ന് ക്യൂബിക് അളവിൽ വിശദമാക്കുമോ;

(ബി) ഇപ്രകാരം സ്വകാര്യ ഉടമസ്ഥതയിലുള്ള എത്ര വൃക്ഷങ്ങളാണ് മുറിച്ചു മാറ്റിയത്; വ്യക്തമാക്കുമോ?

## ഇടുക്കി ജില്ലയിൽ മുറിച്ച മരങ്ങളുടെ എണ്ണം

416 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020 ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

## വനഭൂമിയിലെ മരം മുറി

417 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരം മുറിക്കാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിലെ മരങ്ങളും ധാരാളമായി മുറിച്ചു മാറ്റിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുറിച്ച മരങ്ങളുടെ കുറ്റി മൂടി പഞ്ചസാര വിതറി ബ്ലോവർ ഉപയോഗിച്ച് വേരടക്കം കത്തിച്ചു കളഞ്ഞുവെന്നുള്ള പരാതി ഉയർന്നിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇവ വന ഭൂമിയിൽ നിന്നും മുറിച്ചതാണോ എന്ന് തെളിയിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇതിനുത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എന്തെങ്കിലും ബദൽ മാർഗ്ഗം സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

## മരങ്ങൾ മുറിക്കാൻ ലഭിച്ച അപേക്ഷകൾ

418 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 24.10.2020 ന് ശേഷം പട്ടയ ഭൂമിയിൽ നിന്നും ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ മരങ്ങൾ മുറിക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിരിക്കുന്നതെന്ന് ജില്ല തിരിച്ച് വിവരം

നൽകാമോ; ഇതിൽ ഓരോ ജില്ലയിലും എത്ര അപേക്ഷകൾക്ക് വനം വകുപ്പ് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ?

**വയനാട്ടിലെ മരംമുറി അന്വേഷണം**

419 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ വയനാട് മുട്ടിൽ നിന്നും മരം മുറിച്ച് കടത്തിയത് സംബന്ധിച്ച അന്വേഷണത്തിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിനെ കുറ്റപ്പെടുത്തി വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**മരം മുറി അന്വേഷണം**

420 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) -ന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വനം വകുപ്പിന്റെ കണക്കിനേക്കാൾ വളരെ കൂടുതൽ മരങ്ങൾ മുറിച്ചുമാറ്റിയെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) റവന്യൂ വകുപ്പിന്റെ ട്രീ രജിസ്റ്റർ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പട്ടയ ഭൂമിയിൽ റിസർവ്വ് ചെയ്ത 12 ഇനവും മരവില അടയ്ക്കേണ്ടാത്ത 62 ഇനവും മരങ്ങളുടെ എണ്ണം ട്രീ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ട്രീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ?

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചുകടത്തൽ**

421 **ശ്രീ. പി. ടി. തോമസ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ 24.10.2020 ലെ സ.ഉ (കൈ) നം. 261/2020/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയ ഭൂമിയിലെ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസുകളിലുൾപ്പെട്ട പ്രതികൾ ആരെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>അനധികൃത മരംമുറി</u>

422 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ടിട്ടുള്ള മരങ്ങളുടെ കണക്കുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇടനിലക്കാർക്ക് കൊള്ള ലാഭം കൊയ്യാൻ വഴി തുറന്ന മരംമുറി വിവാദത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ സാഹചര്യത്തിൽ കർഷകർക്ക് അവകാശപ്പെട്ട ജന്മാവകാശമുള്ള ഭൂമിയിലെ മരങ്ങൾ പോലും മുറിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ഉത്തരവിലെ അവ്യക്തത മൂലം കർഷകരെ ദുരിതത്തിലാക്കുന്ന തരത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ച വരുന്ന നടപടികൾ പുന:പരിശോധിക്കുമോ; വിശദീകരിക്കുമോ ?

## <u>മരം മുറിക്കുന്നതിന് ലഭിച്ച അപേക്ഷകൾ</u>

423 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും മരം മുറിക്കുന്നതിനായി എത്ര അപേക്ഷകളാണ് വനം വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്കാണ് അനുമതി നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

## <u>മുട്ടിൽ മരംമുറി അന്വേഷണം</u>

424 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ ഈട്ടി മരംമുറി കേസിലെ അന്വേഷണം അട്ടിമറിക്കാൻ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ കൂട്ടുനിന്നു എന്ന് ഉത്തര മേഖലാ ചീഫ് കൺസർവേറ്റർ റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ മരംമുറിക്കെതിരെ രംഗത്ത് വന്ന മേപ്പാടി റെയ്ഞ്ച് ഓഫീസറെ

സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ മാനസികമായി പീഡിപ്പിച്ചെന്ന കണ്ടെത്തലുണ്ടോ; ഈ റിപ്പോർട്ടിൽ കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മുട്ടിൽ മരംമുറി കേസ് പുറത്ത് കൊണ്ടുവന്ന ഫ്ലയിങ് സ്ക്വാഡ് ഡിവിഷനൽ ഫോറസ്റ്റ് ഓഫീസറെ അന്വേഷണ സംഘത്തിൽ നിന്നും ഏതെങ്കിലും ഘട്ടത്തിൽ മാറ്റിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മുട്ടിൽ മരംമുറി കേസിലെ പ്രതികളുടെ സമ്മർദ്ദത്തെ തുടർന്നാണ് ഈ ഉദ്യോഗസ്ഥനെ അന്വേഷണ സംഘത്തിൽ നിന്നും മാറ്റിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ ഉദ്യോസ്ഥനെ അന്വേഷണ സംഘത്തിൽ തിരികെ ഉൾപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

## <u>കൃഷിഭൂമിയിലെ മരം മുറിച്ച കർഷകർക്കെതിരായ കേസുകൾ</u>

425 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ലാന്റ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാനുള്ള ശ്രമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ മരം മുറിച്ച് മാറ്റിയവർക്കെതിരെ നിലവിൽ കേസ് എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ തട്ടേക്കാട് റേഞ്ചിലും കുട്ടമ്പുഴ റേഞ്ചിലും റവന്യൂ - വനം വകുപ്പുകളുടെ അനുമതിയോടെ കട്ടിങ്ങ് പാസ്സ് ലഭിച്ച ശേഷം മരം മുറിച്ച് മാറ്റിയ കർഷകർക്കെതിരെ കുറ്റി മഹസർ തയ്യാറാക്കി കേസ് എടുക്കുവാനുള്ള നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ കേസ് എടുക്കുന്നത് ഒഴിവാക്കി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ദേശീയ വനവൽക്കരണ പരിപാടി</u>

426 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും ഉറപ്പുവരുത്തുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനവത്ക്കരണത്തിന്റെ ഭാഗമായി വനവും മരങ്ങളും സംരക്ഷിക്കുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഇ-ഓക്ഷൻ നടപടിക്രമങ്ങൾ

427 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തടി ഉത്പ്പന്നങ്ങളുമായി ബന്ധപ്പെട്ട ഇ-ഓക്ഷൻ നടപടിക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഭവന നിർമ്മാണം പോലുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് തടി വാങ്ങാനുദ്ദേശിക്കുന്നവർക്ക് വനം വകുപ്പിന്റെ ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണോ; വ്യക്തമാക്കുമോ?

## എറണാകുളത്തെ വനം റേഞ്ചുകളിൽ നിന്ന് മുറിച്ച മരങ്ങൾ

428 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020 ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

## പട്ടയ ഭൂമിയിലെ മരംമുറി

429 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ പട്ടയ ഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് ആവശ്യമായ രേഖകൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നൽകാതിരുന്നിട്ടും വനം വകുപ്പുദ്യോഗസ്ഥർ പാസ് നൽകിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മരംമുറി വിഷയത്തിൽ മുൻ വനം വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗത്തിനെതിരെ ആരോപണം ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ വനംവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വയനാട് ജില്ലയിൽനിന്ന് മുറിച്ച മരങ്ങളുടെ എണ്ണം

430 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24.10.2020ന് ശേഷം വയനാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്ന് മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കുമോ; ഇതിൽ വനം വകുപ്പിന്റെ അനുമതിയോടെ മുറിച്ച മരങ്ങളുടെ എണ്ണവും അനുമതിയില്ലാതെ മുറിച്ച മരങ്ങളുടെ എണ്ണവും എത്രയെന്ന വിവരം ലഭ്യമാക്കാമോ?

## പാലക്കാട്ടെ വനം റേഞ്ചുകളിൽ നിന്നും മുറിച്ച മരങ്ങളുടെ എണ്ണം

431 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020 ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

## വയനാട്ടിലെ മരം മുറി

432 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുട്ടിൽ മരം മുറി സംഭവത്തെ തുടർന്ന് വനഭൂമിയിൽ നിന്നും മരം മുറി നടന്നിട്ടുണ്ടോ എന്ന് വനം വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിൽ നിന്നും എത്ര മരങ്ങളാണ് മുറിച്ചു മാറ്റിയതെന്നും ഇതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണമെത്രയെന്നും വ്യക്തമാക്കുമോ;

(സി) വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് പ്രസ്തുത കാര്യത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## തൃശ്ശൂരിലെ വനം റേഞ്ചുകളിൽനിന്ന് മുറിച്ച മരങ്ങൾ

433 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24.10.2020ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതി ഇല്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചത് എന്ന വിവരം ലഭ്യമാക്കാമോ?

## സ്വാഭാവിക വനങ്ങളുടെ സംരക്ഷണം

434 **ശ്രീ . കെ .ഡി .പ്രസേനൻ**

**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എ. രാജ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്രഥമ പരിഗണന അർഹിക്കുന്ന സ്വാഭാവിക വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി വന വിസ്തൃതി വർദ്ധിച്ചിരുന്നോ എന്ന് അറിയിക്കാമോ;

(സി) വനാതിർത്തി ബണ്ട് കെട്ടി വേർതിരിച്ച് നടത്തുന്ന വന സംരക്ഷണത്തോടൊപ്പം വനാതിർത്തി പങ്കിടുന്ന ഭൂഉടമസ്ഥർ കൈവശാവകാശം നേടുന്നതിനും മറ്റും നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുമോ;

(ഡി) ഇപ്രകാരമുള്ളവർക്ക് നിരാക്ഷേപ പത്രം നൽകുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നതായ പരാതി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

## പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറി

435 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂവുടമകളായ ആർക്കെങ്കിലുമെതിരെ സംസ്ഥാനത്ത് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകൾ സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## മരം മുറിച്ചു കടത്തിയതിന് കേസ്

436 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 24-10-2020ന് ശേഷം പട്ടയ ഭൂമിയിൽ നിന്നും ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതിന് എത്ര കേസുകളാണ് എടുത്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

## പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായ കണ്ടൽക്കാടുകൾ

437 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## കണ്ടൽക്കാടുകളെ റിസർവ്വ് വനമായി പ്രഖ്യാപിക്കൽ

438 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽ കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

## സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ

439 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുത്ത് റിസർവ് വനമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

## അമ്പൂരി തൊടുമല സെറ്റിൽമെന്റ് കോളനി വികസനം

440 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ അമ്പൂരി തൊടുമല സെറ്റിൽമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും ഫണ്ട് അനുവദിച്ച നടപടികൾ പൂർത്തിയാക്കിയിട്ടും വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തത് കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 1500 ലധികം വരുന്ന ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുന്നതിലേക്കായി പ്രസ്തുത പദ്ധതികൾക്ക് അടിയന്തര പ്രാധാന്യത്തോടെ അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ റോഡ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണയ സർവ്വേ

441 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ, പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകരും കൈവശാവകാശികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പുമായി ചേർന്ന് പ്രസ്തുത വനാതിർത്തി നിർണയ സർവ്വേയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## ശബരിമലയിലെ റീ സർവേ നടപടികൾ

442 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വനം, ദേവസ്വം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി റീസർവേ നടപടികൾ പുരോഗമിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരമൊരു റീസർവേ നടപടിയിലേക്ക് നയിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ പ്രദേശങ്ങൾ സംബന്ധിച്ചാണ് വനം വകുപ്പുമായി തർക്കം ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

**<u>ആലപ്പുഴ ജില്ലയിലെ സാമൂഹിക വനവത്ക്കരണ പദ്ധതി</u>**

443 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവത്ക്കരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കാവുകൾ സംരക്ഷിക്കുന്നതിനും തരിശായ പൊതുസ്ഥലങ്ങളിൽ ചെറിയ വനങ്ങൾ സൃഷ്ടിക്കുന്നതിനും കായലോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**<u>ലക്കിടി ചെക്ക്പോസ്റ്റ് വഴി പരിശോധന</u>**

444 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 03.2.2021-ാം തീയതി സൂര്യ ടിംബേർസ് എന്ന സ്ഥാപനത്തിന്റെ മരം കൊണ്ടുപോകുന്ന വാഹനം ലക്കിടി ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ദിവസം ജോലിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>അകമല, പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം</u>**

445 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മേഖലയിലെ വനംകൊള്ളയും കാട്ടുതീയും തടയുന്നതിന് നിർണ്ണായകമായ പങ്ക് വഹിക്കുന്ന അകമല, പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം നിറുത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കുളക്കാട്ടുകുറിശ്ശി മേക്കാട്ടിൽ കോളനി റോഡ് റീ-ടാറിങ്</u>**

446 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുളക്കാട്ടുകുറിശ്ശി മേക്കാട്ടിൽ കോളനിയിലേയ്ക്കുള്ള പഴയ ടാർ റോഡിൽ വനം വകുപ്പിന്റെ അധീനതയിൽ വരുന്ന ഭാഗം റീ-ടാർ ചെയ്യാൻ അനുമതി നൽകാത്തതിനാൽ കോവിഡ് രോഗികളും പട്ടികജാതി കോളനി നിവാസികളും ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് റീ-ടാറിങ്ങിന് ചെയ്ത് യാത്രാ യോഗ്യമാക്കുവാൻ ആവശ്യമായ അനുമതി നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മഞ്ചേശ്വരം പഞ്ചായത്തിലെ റോഡിന് അനുമതി

447 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുള്ള ഭൂമിയിലൂടെ കടന്ന് പോകുന്ന 50 കുടുംബങ്ങൾക്കുള്ള റോഡ് ഗതാഗത യോഗ്യമല്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന് അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മലയോര ഹൈവേയ്ക്കായി വനഭൂമി

448 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മലയോര ഹൈവേയ്ക്കായി റോഡ് വീതി കൂട്ടുന്നതിന് വനം വകുപ്പിൽ നിന്നും വിട്ടു നൽകേണ്ട ഭൂമി എത്രയെന്നും ഇത് ഏതെല്ലാം ഫോറസ്റ്റ് റേഞ്ചുകളിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) ഇതിനായി കൂടുതൽ ഫോറസ്റ്റ് സർവ്വേയർമാരെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മലയോര ഹൈവേയുടെ ഭാഗമായ മുണ്ടേരി–മേപ്പാടി വനഭൂമിയിൽ കണക്ടിവിറ്റിക്കായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

## കോതമംഗലം തേര കോളനി റോഡ് നിർമ്മാണം

449 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി

ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതി വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) വിവിധ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള തേര ആദിവാസി കോളനിയിൽ പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാകാതെ മറ്റ് വികസന പ്രവർത്തനങ്ങൾ സാധ്യമാകില്ല എന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനം വകുപ്പിലെ വാച്ചർ നിയമനം

450 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വിവിധ വാച്ചർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(ബി) ഇവയിൽ നിന്ന് എത്ര നിയമനങ്ങൾ നടന്നുവെന്നും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത തസ്തികകളിലെ അംഗീകൃത അംഗബലം എത്രയെന്നും വിശദമാക്കാമോ;

(സി) വാച്ചർ തസ്തികയിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; ടി തസ്തികകളിലെ സ്ഥാനക്കയറ്റം യഥാസമയം നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കാഷ്വൽ സ്വീപ്പറുടെ വേതന കുടിശ്ശിക

451 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസിൽ 05.01.2016 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി പി. ബിന്ദുവിന്റെ 2020-21 സാമ്പത്തിക വർഷത്തെ 10 മാസത്തെയും തുടർന്നുള്ള 2 മാസത്തെയും വേതന തുക കുടിശ്ശിക ആകാനുള്ള കാരണം എന്തെന്ന് അറിയിക്കാമോ;

(ബി) ഈ വേതന കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

## വനം വിജിലൻസ് അന്വേഷണം

452 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് 24.10.2020 ന് പുറത്തിറക്കിയ ഉത്തരവിനെ തുടർന്ന് നടന്ന അനധികൃത മരം മുറിയ്ക്കലിനെക്കുറിച്ച് വനം വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപറഞ്ഞ ഉത്തരവിനെത്തുടർന്ന് അനധികൃതമായി മുറിച്ചു മാറ്റിയ ഈട്ടി മരങ്ങളുടെ എണ്ണം വിജിലൻസ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പാലക്കാട് മണ്ണാർക്കാട് റേഞ്ചിൽ നിന്ന് 4000 മരങ്ങളും അഗളി റേഞ്ചിൽ നിന്നും 3500 മരങ്ങളും മുറിച്ച് കടത്തി എന്ന റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ വനം വിജിലൻസ് വിഭാഗം കണക്കുകൾ കുറച്ചുകാണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

## പട്ടയ ഭൂമിയിലെ മരം മുറി

453 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പട്ടയ ഭൂമിയിൽ നടന്ന മരംമുറി മൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) മരങ്ങൾ മുറിക്കുന്നത് തടസപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസാക്കുന്നതോ നേരിട്ട് തടസപ്പെടുത്തുന്നതോ ഗുരുതര കൃത്യവിലോപമായി കണക്കാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിൽ വ്യവസ്ഥ ഉണ്ടായിരുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കാൻ കാരണമായി എന്ന് കരുതുന്നുണ്ടോ?

## വനംവകുപ്പ് ജീവനക്കാരുടെ വന്യജീവി വേട്ട

454 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടത്തും വനംവകുപ്പ് ജീവനക്കാർ വന്യജീവികളെ വേട്ടയാടുന്നതായി റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വനവും വന്യജീവി സമ്പത്തും പരിപാലിക്കാൻ ചുമതലപ്പെട്ട സംവിധാനങ്ങൾ തന്നെ വേട്ടക്കാരായി മാറുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

## വന്യജീവി സംരക്ഷണ നടപടികൾ

455 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വംശ നാശഭീഷണി നേരിടുന്ന വന്യജീവികൾ ഏതൊക്കെയാണെന്ന് പഠനം നടത്തി കണ്ടെത്തിയിട്ടുണ്ടോ;

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുമോ?

## കൃഷിനാശത്തിന് നഷ്ടപരിഹാരം

456 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടോ;

(ബി) എങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ട നടപടിക്രമം വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാര തുക നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കാമോ?

## പാലാവയലിലെ കൃഷിനാശം തടയാൻ നടപടി

457 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ വില്ലേജിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വരുത്തുന്ന വ്യാപക കൃഷിനാശം തടയാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവിടെ ഇലക്ട്രിക് ഫെൻസിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമോ?

## കാസർകോട് ജില്ലയിലെ വന്യജീവി ആക്രമണം

458 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കാട്ടാനശല്യം ഉള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷ കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള ആൾനാശം / കൃഷി നഷ്ടങ്ങൾ എത്രയാണെന്നും നൽകിയ നഷ്ടപരിഹാരവും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) വന്യജീവികളുടെ ശല്യത്തിന് ശാശ്വത പരിഹാരമായി എന്തൊക്കെ നടപടികളാണ്

സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ള്ക്കു സൗരോർജ്ജവേലി ഫലപ്രദവും പ്രയോഗികവുമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനു എത്ര രൂപ ചെലവ് വരുമെന്നും സർക്കാർ ചെലവിൽ ള്ക്കു സൗരോർജ്ജവേലി നിർമ്മിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ നിലവിൽ ഫോറസ്റ്റ് സ്റ്റേഷൻ ഉണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ സ്ഥാപിക്കുവാൻ സാധിക്കുമെന്നും ഇതിനു എത്ര രൂപ ചെലവ് വരുമെന്നും വ്യക്തമാക്കാമോ?

## വന്യജീവി ശല്യംമൂലം കൃഷിനാശം

459 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിലെ കൃഷികൾക്ക് വന്യജീവി ശല്യം മൂലം നാശനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വന്യജീവി ശല്യം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് 2016-21 കാലയളവിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

## കാട്ടുപന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി

460 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാട്ടുപന്നികളെ ശല്യ ജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതു മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

## കൈപ്പാട് കൃഷി

461 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിക്കായി ഇറിഗേഷൻ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കൈമാറി ലഭിക്കാൻ നടപടി

462 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ കൊയിലാണ്ടി നഗരസഭ, കൊയിലാണ്ടി എം.എൽ.എ എന്നിവരിൽ നിന്ന് ജലസേചന വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി കൈമാറി ലഭിക്കാൻ വകുപ്പുതലത്തിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദമാക്കാമോ?

## ജലജീവൻ മിഷൻ പദ്ധതി

463 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

464 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൻ കീഴിൽ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## മോര്യകാപ്പ് ജലസേചന പദ്ധതി

465 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## ലിഫ്റ്റ് ഇറിഗേഷൻ സ്കീം

466 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനങ്ങളുടെ നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ് കുടിശ്ശിക പൂർണമായും ഒടുക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ

467 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾക്ക് കീഴിൽ 2016 ജൂൺ മുതൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കുറ്റ്യാടി ജലസേചനപദ്ധതി

468 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിയ്ക്കും കുടിവെള്ള സ്രോതസ്സിനുമായുള്ള കുറ്റ്യാടി ജലസേചനപദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഈ പദ്ധതി പ്രകാരമുള്ള കനാലുകൾ വ്യാപിച്ചുകിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള മൺകനാലുകളുടെ പല ഭാഗങ്ങളും അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മൺകനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) പദ്ധതിയുടെ റിസർവോയറിൽ മണ്ണും ചെളിയുമടിഞ്ഞതിനാൽ സംഭരണശേഷി പൂർണതോതിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കല്ലായിപ്പുഴ കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി

469 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കല്ലായിപ്പുഴയിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

## നദികളിലെ മാലിന്യ നിക്ഷേപം തടയലും ബോധവൽക്കരണവും

470 **ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മാലിന്യ നിക്ഷേപം തടയേണ്ടതിന്റെയും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നദികളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനായി നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നദികളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ഇ) ഹരിതകേരള മിഷൻ, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പുഴകളെയും തണ്ണീർത്തടങ്ങളെയും കുളങ്ങളെയും വീണ്ടെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ?

## പുഴയോര സംരക്ഷണം

471 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണ്ണാർക്കാട് മണ്ഡലത്തിലൂടെ ഒഴുകുന്ന കുന്തിപ്പുഴയുടെ തീരങ്ങൾ പലഭാഗങ്ങളിലും ഇടിഞ്ഞ് പോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ?

## വടക്കാഞ്ചേരിപുഴ സംരക്ഷണം

472 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ച വടക്കാഞ്ചേരിപുഴ സംരക്ഷണ പദ്ധതിയുടെ നടത്തിപ്പ് പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) 2017-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി തുടർ പരിശോധന നടത്തി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമോയെന്ന്

അറിയിക്കുമോ?

## ആറാട്ടുപുഴ പഞ്ചായത്തിലെ വെള്ളക്കെട്ട്

473 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ കിളിമുക്ക് കടവത്ത് പാലത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേലിയറ്റസമയങ്ങളിൽ ചെളിയും മണ്ണും കയറുന്നത് കാരണം പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുഖേന പ്രത്യേക പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കുമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കുറ്റ്യാടി പുഴയോരസംരക്ഷണം

474 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി പുഴയോരം ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴയോരം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പുഴയോരം ഇടിയുന്നത് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന പരിസരവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

## കേച്ചേരി പുഴയുടെ പുനരുദ്ധാരണം

475 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ഡാമിൽ നിന്ന് ആരംഭിച്ച് വടക്കാഞ്ചേരി - കേച്ചേരി - ഏനാമാവ് അവസാനിക്കുന്ന കേച്ചേരി പുഴയുടെ പുനരുദ്ധാരണത്തിനും സൗന്ദര്യവത്ക്കരണത്തിനും വിവിധ പദ്ധതികളിലായി ഇതുവരെ സർക്കാർ എത്ര കോടി രൂപ അനുവദിച്ചു;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് അറിയിക്കുമോ;

(ഡി) എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത ഏതെല്ലാം പദ്ധതികൾ ഉണ്ടെന്നും അവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

## <u>ഭാരതപ്പുഴയുടെ സംരക്ഷണം</u>

476 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിന് നദീജലസംരക്ഷണ പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലവർഷം ശക്തിപ്പെടുന്നവേളയിൽ ഭാരതപ്പുഴ കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കം ഉണ്ടാകുന്നത് തടയുവാനായി പുഴയിൽ അടിഞ്ഞുകൂടിയ മണലും മണൽത്തിട്ടകളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>കനോലി കനാൽ</u>

477 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാൽ വീതികൂട്ടുന്നത് സംബന്ധിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

## <u>ഹരിതകേരളം പദ്ധതി</u>

478 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) പൂങ്ങോട്ടുകുളം നവീകരണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>വെഞ്ചാലി എക്സ്പ്രസ് കനാൽ നിർമ്മാണം</u>

479 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി വെഞ്ചാലി പാടശേഖരത്തിലെ വെഞ്ചാലി മുതൽ ചെറുമുക്ക് വരെയുള്ള എക്സ്പ്രസ് കനാൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ജലസ്രോതസ്സുകളുടെ സംഭരണശേഷി</u>

480 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ പരിപാലനമില്ലാത്തതുമൂലം ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളേയും ടാങ്കുകളേയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ജലസ്രോതസ്സുകളെ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി മതിയായ രീതിയിലുള്ള ഫണ്ട് ലഭ്യമല്ലാത്തതും അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗം നടത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്**

481 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ നിർമ്മാണ പ്രവൃത്തി നടത്തിയ കരാറുകാരനായ ശ്രീ. കെ. വി. പൗലോസിന്റെ ബിൽ തുക പാസ്സാക്കി നൽകിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടോ; ആയതിൽ ജഡ്ജ്മെന്റ് ആയിട്ടുണ്ടോ; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കോടതി വിധി വന്ന ശേഷം ഈ ഫയലിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണ്; ഫയലിന്റെ നമ്പരും കമ്പ്യൂട്ടർ നമ്പറും ലഭ്യമാക്കാമോ;

(ഡി) ഈ ഫയൽ എന്നാണ് പ്രോസ്സസ് ചെയ്തതെന്നും ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നയച്ചുവെന്നും ആയതിന്റെ നമ്പരും തീയതിയും നൽകാമോ; ധനകാര്യ വകുപ്പ് ഫയലിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ;

(എഫ്) ചീഫ് എഞ്ചിനീയർ ഓഫീസ് മോസ്റ്റ് അർജന്റ് എന്ന് നൽകിയ 24/3/21-ലെ ഇ.പി.41317/2021 നമ്പർ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ;

(ജി) ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കി നൽകിയിട്ടുണ്ടോ; ആയതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം**

482 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിനായി ഗാർഡൻ ഫണ്ട് വിനിയോഗിച്ച് 2016 മുതൽ 2021 ജൂൺ മാസം വരെയുള്ള കാലയളവിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ഡാമുകളിലെ റൂൾ കർവ്**

483 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ റൂൾ കർവ് തയ്യാറാക്കിയിട്ടില്ലാത്ത ഡാമുകൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഡാമുകളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള എന്തെങ്കിലും ശാസ്ത്രീയ സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) രണ്ട് പ്രളയങ്ങൾ അഭിമുഖീകരിച്ചതിൽ നിന്നും പാഠമുൾക്കൊണ്ട് റൂൾ കർവുകൾ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) പ്രളയ സാഹചര്യങ്ങൾ നേരിടുന്നതിന് മുൻകരുതലായി സംസ്ഥാനത്ത് വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

**<u>നെയ്യാർഡാമിലെ പ്രവർത്തനം</u>**

484 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിലെ മണലും മണ്ണും ചളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി അറിയിക്കാമോ;

(സി) നെയ്യാർഡാമിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്രവീതമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത താൽക്കാലിക ജീവനക്കാർക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച വിശദവിവരങ്ങളും അവർക്ക് ഏതുമാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്ന വിവരവും അറിയിക്കാമോ; ഇവർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് എന്താണ് തടസ്സം എന്നറിയിക്കാമോ;

(ഇ) എല്ലാ ജീവനക്കാർക്കും കുടിശ്ശിക വരാതെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മാന്നനൂരിലെ ഉരുക്ക് തടയണ നിർമ്മാണം</u>**

485 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ മാന്നനൂരിലെ ഉരുക്ക് തടയണയുടെ പാർശ്വഭിത്തികൾ തകർന്നു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ എത്ര തുകയാണ് മാറ്റിവെച്ചിട്ടുള്ളത്; അറിയിക്കുമോ;

(സി) ഈ പദ്ധതി ഏത് എജൻസി മുഖാന്തരമാണ് ചെയ്യുന്നത്;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ?

## തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടൽ

486 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ**
**ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടാൻ തീരുമാനിച്ചിരുന്നോ; ;

(ബി) എങ്കിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ;

(സി) വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി വൻതോതിൽ ധാതുമണൽ കടത്തുന്നതിന് അനുമതി നൽകിയാൽ ആയത് പരിസരവാസികളെയും മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ?

## കടലുണ്ടി പുഴയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി

487 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടി പുഴയുടെ അരിക് തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വീടുകൾ ഉൾപ്പെടെ അപകടഭീഷണിയിലായതിനാൽ സമയബന്ധിതമായി സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കിയില്ലെങ്കിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് സാധ്യതയുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമോ?

## തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ

488 **ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ;

(ബി) പാർശ്വഭിത്തി ഇടിയുന്നതുമൂലം തീരത്ത് താമസിക്കുന്ന ആൾക്കാരുടെ വീടുകൾക്കും മറ്റ് വസ്തു വകകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലെ എലിത്തോട് പാർശ്വഭിത്തി കെട്ടി സംരംക്ഷിക്കുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നത് കൊണ്ട് കൂടുതൽ പ്രദേശങ്ങൾ കൃഷി യോഗ്യമാക്കി മാറ്റാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

## കുട്ടനാട്ടിലെ പുറംബണ്ടുകൾ ബലപ്പെടുത്താൻ നടപടി

489 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മടവീഴ്ച സാദ്ധ്യത കൂടുതലുള്ള പാടശേഖരങ്ങൾ കണ്ടെത്തി അവയുടെ പുറംബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) മടവീഴ്ച തടയുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ പ്രത്യേക സർവ്വേ നടത്തുന്നതിന് നടപടി ഉണ്ടാകുമോ; അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ കടൽ ഭിത്തികളുടെ സംരക്ഷണം

490 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രതിഫലനമായുണ്ടായ കടൽ ക്ഷോഭത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ കടൽ സംരക്ഷണ ഭിത്തികൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രകോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത് എന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കടൽ സുരക്ഷാഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെടുത്താനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന കാപ്പാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട് സ്പോട്ടുകളിലൊന്നായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ കടൽക്ഷോഭം നേരിടുന്നതിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

## ചാലിയാർ പുഴയുടെ തീരസംരക്ഷണ പദ്ധതി

491 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ കൊണ്ടോട്ടി മണ്ഡലത്തിൽ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ഉണ്ട് എന്ന് വിശദമാക്കുമോ?

## പുലിമുട്ട് നിർമ്മാണം

492 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുള്ള കടൽഭിത്തി /പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## വടകര മണ്ഡലത്തിലെ തീരസംരക്ഷണം

493 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിന് കീഴിൽ മണ്ഡലത്തിൽ ചെലവാക്കിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണം നേരിടുന്നതിനുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ നിശ്ചിത ഇടവേളകളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കടലാക്രമണം നേരിടുന്നതിനായി കേരള തീരത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച് ആധികാരിക പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ തീരദേശത്തിന് ഗുരുതര ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന കടലാക്രമണങ്ങളെ നേരിടുന്നതിനായി കടലാക്രമണ ഭീഷണി കൂടുതലുള്ള പ്രദേശങ്ങളിലെങ്കിലും അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## തീര സംരക്ഷണത്തിനായി ഹൈഡ്രോളിക് മോഡൽ പഠനം

494 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ബീച്ചിൽ തീര സംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിനുള്ള ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനുള്ള ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഹൈഡ്രോളിക് മോഡൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സ്വീകരിക്കേണ്ട തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ

495 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ?

## ഉപ്പുവെള്ള പ്രതിരോധ ബണ്ട്

496 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പ് വെള്ളം കാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായി, മാട്ടൂൽ, കണ്ണപുരം, ചെറുകുന്ന്, ഏഴോം, കുഞ്ഞിമംഗലം, പട്ടുവം, കല്ല്യാശ്ശേരി, ചെറുതാഴം ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇറിഗേഷൻ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കുന്നംകുളം കരീച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

497 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരീച്ചാൽ കടവ് റഗുലേറ്റർ-കം- ബ്രിഡ്ജ് നിർമ്മാണം തടസപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കാലതാമസം എന്തുകൊണ്ടാണുണ്ടായതെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കും കരാറുകാരനുമെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

## ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ

498 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റഗുലേറ്ററുകളുടെ നവീകരണത്തിന് ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നവീകരണപ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

## താൽക്കാലിക റിംഗ് ബണ്ട് നിർമ്മാണം

499 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിൽ ഇക്കൊല്ലത്തെ കൃഷി ഇറക്കുന്നതിനും ഉപ്പ് വെള്ളം കയറി കൃഷി നശിക്കുന്നത് ഒഴിവാക്കുന്നതിനുമായി മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ താൽക്കാലിക റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) താല്ക്കാലിക റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത താല്ക്കാലിക റിംഗ് ബണ്ടുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

## ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്

500 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ നിരവധി ഗർത്തങ്ങൾ ഉണ്ടായതും തന്മൂലം റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി അപാകതകളും ന്യൂനതകളും പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മുട്ടിൽ കാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

501 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽ കാപ്പിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ആർ.ഡി.പി യിൽ സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്

502 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രൊജക്റ്റിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിനു സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ റഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ്

503 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ചാലിയാറിന് കുറുകെ കളത്തിൽ കടവിൽ റഗുലേറ്റർ കം ഫൂട്ട് ബ്രിഡ്ജ് എന്ന പ്രവൃത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ നടപടികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഈ ഏജൻസിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) കിഫ്ബിയുടെ അംഗീകാരം മേൽ പദ്ധതിക്ക് ലഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

## എരമം-കുറ്റൂർ വി.സി.ബി.

504 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഏത് വർഷമാണ് പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചത്; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്നറിയിക്കാമോ?

## ഉളിയം കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

505 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിയൂർ, കരിവെള്ളൂർ, കുണിയൻ, മാണിയാട്ട്, തലിച്ചാലം വയലുകളിലേക്ക് വ്യാപകമായി ഉപ്പ് വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നത് ശാശ്വതമായി തടയാൻ ഉളിയം കടവിൽ വിഭാവനം ചെയ്ത റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിൽ ജലസേചനത്തിന് വലിയ മുതൽക്കൂട്ടാകുന്ന പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ

506 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലെ ഓവർസിയർ ഗ്രേഡ്-III മുതൽ ചീഫ് എഞ്ചിനിയർ വരെയുള്ള സാങ്കേതിക തസ്തികകളിൽ 2021 മേയ് മുതൽ 2024 ജൂൺ വരെ സൂപ്പറാനുവേഷൻ മുഖേന വിരമിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ എത്രയെണ്ണം വീതമാണ് നേരിട്ട് നിയമനം ലഭിക്കുന്ന ഒരോ എൻട്രി കേഡർ തസ്തികയിലേയ്ക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2021 ജനവരി മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിൽ ഓവർസിയർ ഗ്രേഡ്-III തസ്തികയിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ

507 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കേണ്ടതായിട്ടുണ്ടെന്നും ആയതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ

508 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആരംഭിക്കാനുള്ളത്, പൂർത്തികരിക്കാനുള്ളത്, പൂർത്തികരിച്ചത്, പദ്ധതി തുക എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

## പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ്

509 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും വരൾച്ചയും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ് ഇല്ലാത്തത് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട് എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഷോർണ്ണൂർ സബ് ഡിവിഷനെ ആശ്രയിക്കേണ്ടി വരുന്നതു മൂലം അടിയന്തരമായി

നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികൾ വൈകുന്നത് കർഷകർക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് പട്ടാമ്പിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

510 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാങ്ഷന്റ് പോസ്റ്റ് എത്രയെന്നും ആയതിൽ ഡിഗ്രി ക്വാട്ടായിൽ നേരിട്ട് നിയമനം നടത്തുന്നത് എത്രയെന്നും ഇതിൽ നിലവിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും അറിയിക്കാമോ;

(ബി) ഡിപ്ലോമ ക്വാട്ടയിൽ ഫസ്ററ് ഗ്രേഡ് ഓവർസീയർ പ്രമോഷൻ മുഖേനയുള്ള സാങ്ഷന്റ് അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റുകൾ എത്രയെന്നും ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അറിയിക്കാമോ;

(സി) സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഫസ്ററ് ഗ്രേഡ് ഓവർസീയർ പ്രമോഷൻ മുഖേനയുള്ള സാങ്ഷന്റ് അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റുകൾ എത്രയെന്നും ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞ് കിടക്കുന്നു എന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത വകുപ്പിൽ ഫസ്ററ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ ആകെയുള്ള അംഗീകൃത ഒഴിവുകൾ എത്രയെന്നും അതിൽ ഡിപ്ലമോ യോഗ്യതയുള്ളവർ എത്രയെന്നും സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർ നിലവിൽ എത്ര പേരുണ്ടെന്നും അറിയിക്കാമോ;

(ഇ) സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് പ്രത്യേകം ക്വാട്ട നിലവിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട നിലവിലെ സർവ്വീസ് ഉത്തരവ് ഏതാണെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള നടപടി

511 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പേരാമ്പ്രയിലുള്ള ഭൂമിയിൽ നിന്നും ചലച്ചിത്രവികസന കോർപ്പറേഷന് വേണ്ടി മൾട്ടിപ്ലക്സ് തീയേറ്റർ നിർമ്മിക്കുന്നതിന് അറുപത് സെന്റ് ഭൂമി പാട്ടത്തിന് ലഭിക്കുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷ ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ്

512 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഭൂഗർഭ ജലത്തിന്റെ സ്രോതസ്സ് സംരക്ഷിക്കുന്നതിനായി കുളങ്ങൾ പോലുള്ള വിവിധ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കാനും അവ സംരക്ഷിക്കാനും ആവശ്യമായ നടപടികൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരം നടപടികൾ സ്വീകരിക്കാൻ ആവശ്യമായ പദ്ധതി രൂപീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>ജലശുദ്ധീകരണ ശാലകൾ</u>

513 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലശുദ്ധീകരണ ശാലകൾ ഇല്ലാത്ത ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## <u>വാട്ടർ അതോറിറ്റിയിലെ കരാർ ജീവനക്കാർ</u>

514 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ പമ്പ് ഹൗസുകളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇപ്പോൾ ഓട്ടോമാറ്റിക് മെഷീൻ സമ്പ്രദായം ആയപ്പോൾ അവരുടെ നഷ്ടപ്പെട്ട തൊഴിൽ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

## <u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ</u>

515 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷൻ മുഖേന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിൽ ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതർ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## <u>പരപ്പനങ്ങാടി ഉള്ളണം കുടിവെള്ള പദ്ധതി</u>

516 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഉള്ളണം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ?

**<u>തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി</u>**

517 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയായ തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ ചൊക്ലി കോളേജിന്റെ സ്ഥലത്ത് ജലസംഭരണി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ</u>**

518 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

**<u>കുന്നുമ്മൽ കുടിവെള്ള പദ്ധതി</u>**

519 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി ഏതുഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും എന്നറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ;

(ഡി) പദ്ധതിയുടെ ആവശ്യത്തിലേക്കായി വെട്ടിമുറിച്ച റോഡുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>ജലജീവൻ മിഷൻ പദ്ധതികൾ</u>**

520 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ ?

## ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

521 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രയൽ റൺ പൂർത്തീകരിച്ച ഗുരുവായൂർ അഴുക്കുചാൽ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

522 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ചെയ്തു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി വേഗത്തിൽ നടപ്പാക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ജലജീവൻ മിഷൻ പദ്ധതി

523 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ആകെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

## ജലജീവൻ മിഷൻ പദ്ധതി

524 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 31.03.2021 വരെ മങ്കട നിയോജകമണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള

കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര ഗാർഹിക കണക്ഷനുകൾ നൽകാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിനായി ഈ മണ്ഡലത്തിലേയ്ക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ഏറനാട് മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ

525 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ മുഖേന ഏറനാട് മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി മണ്ഡലത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പദ്ധതി പ്രകാരം മണ്ഡലത്തിൽ ഇനിയും എത്ര കുടിവെള്ള കണക്ഷൻ അനുവദിച്ച് നൽകാൻ കഴിയുമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## തലസ്ഥാനത്തെ ജലവിതരണസംവിധാനം

526 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ജലവിതരണസംവിധാനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാം ,വിശദമാക്കുമോ ;

(ബി) ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണസംവിധാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ?

## മീറ്റർ റീഡിംഗ് നടത്താതെ പിഴ

527 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുകയുണ്ടായോ;

(ബി) കോവിഡ് കാലത്ത് ജലഅതോറിട്ടി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലത്തേയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് പിൻവലിക്കാനോ തിരിച്ചുനൽകാനോ ജലഅതോറിറ്റി തയ്യാറാകുമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

528 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ക്ലാപ്പന,

ആലപ്പാട്, ഓച്ചിറ എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കാൻ പോകുന്നത് എന്ന വിശദമാക്കാമോ?

## സംസ്ഥാനത്തെ കുടിവെള്ളവിതരണം

529 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളവിതരണം മുടങ്ങാതെ നടത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള ജല ശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണതോതിൽ ഉപയോഗപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മറ്റു വകുപ്പുകളിൽ നിന്നുള്ള അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ; പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളപദ്ധതികൾ

530 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കുറിഞ്ഞിക്കാട് കുടിവെള്ള പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജലവിതരണ പദ്ധതികൾ

531 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ, ഹഡ്കോ, ചൊവ്വര തുടങ്ങിയ നിരവധി ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടും പൂർണ്ണമായും ജലത്താൽ ചുറ്റപ്പെട്ട കിടക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുപരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ

നടപടികൾ എന്തെല്ലാമെന്നും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രധാന ശുദ്ധജലവിതരണ പദ്ധതിയായ ചൊവ്വര കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

## ജലവിതരണ പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി

532 **ശ്രീ ഐ ബി സതീഷ്**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അടക്കമുള്ള പട്ടണങ്ങളിലും സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലും ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നതുമൂലം ഉണ്ടാകുന്ന വൻതോതിലുള്ള കുടിവെള്ള ചോർച്ചയും തന്മൂലമുള്ള ബുദ്ധിമുട്ടുകളും ഗൗരവമായി കാണുന്നുണ്ടോ;

(ബി) കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകളിലാണ് നിരന്തരം ചോർച്ചയുണ്ടാകുന്നതെന്ന അഭിപ്രായം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആലപ്പുഴയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കുടിവെള്ള പദ്ധതികൾ

533 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും കാർഷിക വൃത്തി സുഗമമാക്കുന്നതിനായി പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ പ്രവൃത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം ആലപ്പുഴയിൽ കുടിവെള്ള ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ കൂടി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള കുടിവെള്ള പദ്ധതി

534 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(സി) ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിലെ പല പഞ്ചായത്ത് റോഡുകളും പൈപ്പ് ലൈൻ ഇട്ടതിനാൽ തകർന്നു കിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## സ്മാർട്ട് മീറ്ററുകൾ

535 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ വാട്ടർമീറ്ററുകൾക്കു പകരം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; എത്ര ശതമാനം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## വാട്ടർ അതോറിറ്റി റെയിൽവേക്ക് അടക്കേണ്ട കുടിശിക അടയ്ക്കുന്നതിന് നടപടി

536 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ ബാലരാമപുരം വിളവൂർക്കൽ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ കുടിവെള്ള ടാങ്കും പൈപ്പ് ഇടലും പൂർത്തിയായെങ്കിലും റെയിൽവേക്ക് വാട്ടർ അതോറിറ്റി നൽകാനുള്ള കുടിശ്ശിക നൽകാത്തത് കാരണം ബാലരാമപുരം തേമ്പാമുട്ടത്ത് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക അടച്ച് റയിൽവെയുടെ അനുമതി നേടി പ്രസ്തുത കുടിവെള്ള പദ്ധതി യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള വാട്ടർ അതോറിറ്റിയുടെ ആധുനികവൽക്കരണം

537 **ശ്രീ ഐ ബി സതീഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഇല്ലാതാക്കുന്നതിനും അപേക്ഷകൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ആയിരം ലിറ്റർ ജലം ശുദ്ധീകരിച്ചു വിതരണം ചെയ്യാൻ വേണ്ടിവരുന്ന ചെലവും ആയതിന് കുടിവെള്ള ചാർജായി ഈടാക്കുന്ന തുകയും എത്ര വീതമെന്ന് അറിയിക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സുസ്ഥിരതയ്ക്കായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

## ജല ജീവൻ മിഷൻ

538 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജല ജീവൻ മിഷൻ (ജെ ജെ എം ) പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) പൂക്കോട്ടൂർ, മൊറയൂർ ,പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി, കോട്ടൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സംസ്ഥാന തല കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നൽകുമോ;

(സി) കൂടുതൽ ചെറുകിട കുടിവെള്ള പദ്ധതികളും ഗാർഹിക കണക്ഷനുകളും ജെ ജെ എം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

539 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെയും കോട്ടക്കൽ നഗരസഭയിലെയും കുടിവെള്ള പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## കുടിവെള്ള വിതരണ പൈപ്പുകൾ

540 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കാലപ്പഴക്കത്താൽ കേടുപാടുകൾ വന്ന കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

541 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടും പ്രവൃത്തി ആരംഭിയ്ക്കാത്ത എത്ര പദ്ധതികൾ ഗുരുവായൂർ മണ്ഡലത്തിൽ ഉണ്ടെന്ന്

വ്യക്തമാക്കാമോ;

(സി) നാട്ടിക കുടിവെള്ള പദ്ധതി, ജലജീവൻ പദ്ധതി എന്നിവയുടെ പുരോഗതിയും മണ്ഡലത്തിൽ നടപ്പിലാക്കാൻ ബാക്കിയുള്ള പദ്ധതികളെ സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ?

## കഴക്കൂട്ടം സ്വീവറേജ് പദ്ധതി

542 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ നടന്നുവരുന്ന സ്വീവറേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ;

(സി) കരിക്കകം, ശ്രീകാര്യം, ലയോള എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്ന് എല്ലാ ദിവസവും ഹൈലെവൽ പമ്പിംഗ് നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഴക്കൂട്ടം-ശ്രീകാര്യം-ആക്കുളം സ്വീവറേജ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

## പുനർഗേഹം പദ്ധതി

543 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരമേഖലയിലെ കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ ;

(ബി) അവർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ വീട് വച്ച് മാറ്റി പാർപ്പിച്ചുവെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്ക് കൂടി വീട് വച്ച് നൽകി മാറ്റി പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പുനർഗേഹം'പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) പുനർഗേഹം പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

## ആഴക്കടൽ മത്സ്യബന്ധന കരാർ

544 **ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഫിഷറീസ് വകുപ്പുമന്ത്രി 2018-ൽ ന്യൂയോർക്കിൽ വച്ച് ഇ. എം. സി. സി. പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നോ എന്ന് അറിയിയ്ക്കുമോ ; പ്രസ്തുത കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന് മുൻ മന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തി ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ;

(ബി) 2019-ൽ സർക്കാർ പുറപ്പെടുവിച്ച മത്സ്യ നയത്തിന്റെ ഭാഗമായി കോണ്ടിനെന്റൽ സ്ലോപ്പിൽ വിദേശ കമ്പനികൾക്ക് മത്സ്യബന്ധനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മത്സ്യനയത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ ചേർക്കാനുള്ള സാഹചര്യം വെളിപ്പെടുത്താമോ;

(സി) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇം.എം.സി.സി. കമ്പനി സർക്കാരിന് നൽകിയ പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## <u>ഹാർബർ നവീകരണത്തിനുള്ള പദ്ധതി</u>

545 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിലെ പുത്തൻകടപ്പുറത്ത് മിനി ഹാർബർ നിർമ്മാണത്തിനുള്ള പദ്ധതി സർക്കാറിന്റെ പരിഗണനയിലുണ്ടോ; മത്സ്യതൊഴിലാളികളുടെ ദീർഘകാലമായുള്ള പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് സാധ്യതാ പഠനം നടത്തുമോ?

## <u>തലശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

546 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ഇവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

## <u>പുനർഗേഹം പദ്ധതി</u>

547 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് വേലിയേറ്റരേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ മുതൽ മുനമ്പം വരെ 24 Km കടൽത്തീരമുള്ള വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർ, 5 സെന്റ് ഭൂമിയിൽ കൂടുതൽ കൈവശമുള്ളവർ, ആധാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളവർ, ഭൂമിക്ക് പട്ടയം ലഭിക്കാനുള്ളവർ, പോക്കുവരവ് ചെയ്ത് ലഭിക്കാത്തവർ എന്നിവർക്ക് പദ്ധതി നിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സുരക്ഷിതമേഖലയിലേക്ക് മാറി താമസിക്കുവാൻ തയ്യാറാകുന്ന ഗുണഭോക്താവിന് നൽകുന്ന തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>കടലാക്രമണത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ നടപടി</u>

548 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടലാക്രമണത്താൽ ഓരോ വർഷവും തീരപ്രദേശങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ 10 വർഷം മുമ്പ് തീരപ്രദേശത്തിന്റെ വിസ്തൃതി എത്രയായിരുന്നെന്നും നിലവിൽ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നഷ്ടപ്പെടുന്ന തീരപ്രദേശങ്ങളെ സംരക്ഷിക്കുവാനും സമ്പുഷ്ടീകരിക്കുവാനും ഈ സർക്കാർ എന്തൊക്കെ അടിന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എത്ര കോടി രൂപ മാറ്റി വെച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആയതിന്റെ പ്രവർത്തനം ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ</u>

549 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം, പുരോഗതി, ഇനി ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകൾ

550 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ എത്ര തീരദേശ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ പേര് വിവരങ്ങൾ നൽകാമോ?

## നിലമ്പൂർ ഉൾനാടൻ മത്സ്യഭവൻ

551 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ ആരംഭിച്ച ഉൾനാടൻ മത്സ്യ ഭവനിൽ നിന്നും മത്സ്യ കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലമ്പൂർ മത്സ്യഭവന്റെ സേവനങ്ങൾ ലഭ്യമാകുന്നത് ;

(ബി) നിലമ്പൂർ നഗരസഭയിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ആരംഭിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. മത്സ്യഫെഡ് ചെയർമാന് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടും നിലമ്പൂരിൽ ഫിഷ് മാർട്ട് തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് നിലവിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ഉള്ളതെന്നും ഇവിടങ്ങളിലേക്ക് ഏതു കേന്ദ്രത്തിൽ നിന്നാണ് മത്സ്യം വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ അക്വാ ടൂറിസം മാസ്റ്റർ പ്ലാൻ

552 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രാധാന്യം കണക്കിലെടുത്ത് തുക വകയിരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിൽ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ

553 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് മത്സ്യമാർക്കറ്റുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെയായി പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ</u>

554 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ പനച്ചമൂട് പബ്ലിക്ക് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ രൂപരേഖയിൽ എന്തൊക്കെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 30% തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കി നൽകണം എന്നുള്ള വ്യവസ്ഥ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## <u>ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ്</u>

555 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

## <u>പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരണം</u>

556 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ പയ്യന്നൂർ ഫിഷ് മാർക്കറ്റ് നവീകരിക്കുന്നതിനുള്ള പ്രോജക്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമം</u>

557 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം ഉറപ്പു വരുത്തുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ ബ്ലൂ ഇക്കോണമി പരിപോഷിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ട്രോളിംഗ് കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ് സിഡി നിരക്കിൽ ഇന്ധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ടൗട്ടെ, യാസ് ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

558 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ പേമാരിയും കടലേറ്റവും കാരണവും യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്താലും കൊച്ചി മണ്ഡലത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ചെല്ലാനം തീരത്തെ ഇത്തരം കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ആയതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അടിക്കടി ഉണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭത്താൽ ചെല്ലാനം തീരദേശവാസികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ 'മാതൃക മത്സ്യഗ്രാമം' ഉൾപ്പെടെയുള്ള മാതൃക തീരദേശ പ്രദേശമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ക്യാമ്പുകളിൽ കഴിയുന്ന തീരദേശവാസികളുടെ പുനരധിവാസം</u>

559 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരപ്രദേശത്ത് ടൗട്ടേ, യാസ് എന്നീ ചുഴലിക്കാറ്റുകൾ മൂലമുണ്ടായ കടൽ ക്ഷോഭത്തിൽ ആയിരത്തിലേറെ കുടുംബങ്ങൾ വീടുകൾ നഷ്ടപ്പെട്ട്

ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റിയ സർക്കാർ സ്കൂളുകളിലും മറ്റ് ക്യാമ്പുകളിലും കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കൊറോണ വൈറസിന്റെ തീവ്രത കുറയാത്ത സാഹചര്യത്തിലും കോവിഡ് മൂന്നാം തരംഗം കേരളത്തെ രൂക്ഷമായി ബാധിക്കുമെന്ന് ആരോഗ്യ വിദഗ്ദ്ധർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ഇത്തരം ക്യാമ്പുകളിൽ ഒരു മുറിയിൽ ഒന്നിലേറെ കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നത് കൊറോണ വ്യാപനം അതിരൂക്ഷമാക്കാനുള്ള സാധ്യതയുണ്ടെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ വീടുകൾ പൂർണമായും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെയും ഭാഗികമായി തകർന്ന് താമസയോഗ്യമല്ലാതായ വീടുകളിൽ കഴിയുന്നവരെയും പ്രതിമാസം പതിനായിരം രൂപ നിരക്കിൽ മുൻകൂർ വാടക നൽകി വാടക വീടുകളിലേക്ക് അടിയന്തരമായി മാറ്റി പുനരധിവസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

## തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രതിസന്ധി

560 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായ കടലാക്രമണവും കേന്ദ്രസർക്കാരിന്റെ തീരസംരക്ഷണ നിയമവും മൂലം തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും ഇതര വിഭാഗത്തിലുള്ളവരുടേയും സുരക്ഷിത ജീവിതത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഇതുവരെ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് സമീപ പ്രദേശങ്ങളിലും ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് സൗകര്യപ്രദമായ മറ്റിടങ്ങളിലും പുനരധിവാസം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;എങ്കിൽ വെളിപ്പെടുത്താമോ?

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

561 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ എം വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണത്തിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികളും വീടും നഷ്ടപ്പെടുന്നത് ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ, തീരപ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിനായി എത്ര കുടുംബങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുവാൻ സാധിച്ചിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ;

(സി) തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങളിൽ എത്ര ശതമാനംപേർക്ക് നാളിതുവരെ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തു നൽകിയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഈ പദ്ധതി മന്ദഗതിയിലായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ലാഭവിഹിതം

562 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ലാഭവിഹിതം നൽകുന്നതിൽ നിലവിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്ന വായ്പാ സർവ്വീസ് ചാർജ്ജ് എന്നിവയുടെ വിതരണം നിലവിൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) മത്സ്യബന്ധനത്തിനുള്ള വള്ളം, വല, എഞ്ചിൻ തുടങ്ങിയവ മത്സ്യഫെഡ് സ്റ്റോറുകളിൽ നിന്നും വാങ്ങുമ്പോൾ നൽകിയിരുന്ന സബ്സിഡി നിലവിൽ നിർത്തലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മേൽസൂചിപ്പിച്ച മേഖലകളിൽ നൽകേണ്ട ആനുകൂല്യങ്ങളിൽ നിലവിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

563 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവ് എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അൻപത് ദിവസ കാലയളവിൽ റേഷൻ വിതരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) റേഷൻ വിഹിതം ലഭിക്കാത്തത് സംബന്ധിച്ച് വ്യക്തികളോ, ജനപ്രതിനിധികളോ, സംഘടനകളോ പരാതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ</u>**

564 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ വരുമാന വർധനവിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ</u>**

565 **ശ്രീ എം രാജഗോപാലൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് നിലവിൽ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമ നടപടികൾ</u>**

566 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമത്തിനു വേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആകെ എത്ര കോടി രൂപയാണ് ചിലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ വികസനം, ഫിഷിങ്ഹാർബറുകളുടെ വികസനം, കടൽഭിത്തി നിർമ്മാണം, ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കൽ, മാർക്കറ്റുകൾ എന്നിവയ്ക്ക് എത്ര കോടി രൂപ വീതം ചിലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ മത്സ്യമേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വികസനപദ്ധതികൾ എന്തെല്ലാമാണ്; പ്രവൃത്തികൾ നടന്നു വരുന്ന

പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ</u>**

567 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികൾ എത്രയാണെന്നറിയിക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ നേരിട്ടാണോ മറ്റേതെങ്കിലും എജൻസി മുഖാന്തിരമാണോ ആനുകൂല്യം നൽകിവരുന്നത്; ആണെങ്കിൽ ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>ഫിഷറീസ് വകുപ്പിനു കീഴിലെ പദ്ധതികൾ</u>**

568 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എത്ര തുക വീതമാണ് ഒരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതികളുടെ ബഡ്ജറ്റ് അലൊക്കേഷൻ, ഭരണാനുമതി എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിനു കീഴിൽ വടകര നിയോജക മണ്ഡലത്തിൽ ചെലവാക്കിയ തുക എത്രയാണ്; ഏതൊക്കെ പദ്ധതികളിലായാണ് ഈ തുക ചെലവാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

**<u>മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

569 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>കാസർകോട് അഴിമുഖത്ത് അപകടത്തിൽപ്പെട്ടവർക്ക് സഹായം</u>**

570 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 4-ന് കാസർകോട് അഴിമുഖത്ത് വള്ളം മറിഞ്ഞ് മൂന്ന് മൽസ്യത്തൊഴിലാളികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വള്ളം മറിഞ്ഞ് എത്ര മണിക്കൂറിന് ശേഷമാണ് മൃതദേഹങ്ങൾ കണ്ടെത്തിയതെന്നും ഇതിനുവേണ്ടി നടത്തിയ തിരച്ചിൽ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഏത് രീതിയിലായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരുക്കകളോടെ രക്ഷപ്പെട്ട നാലുപേർക്കും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) മരണപ്പെട്ട മൂന്നുപേരുടെയും കുടുംബങ്ങളുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിലാണ് ഈ കുടുംബങ്ങളെ സഹായിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ</u>

571 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി ദെലീമ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം ആദ്യം ബാധിക്കുന്നത് തീരദേശ മത്സ്യത്തൊഴിലാളികളെയായതിനാൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ ദിവസവും മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവരെയും തിരികെ വരുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ഓരോരുത്തർക്കും കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കടലിൽ അപകടത്തിൽപെടുന്നവരുടെ രക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

## <u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

572 **ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മുൻ സർക്കാർ തുടങ്ങിവച്ച പരിപാടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ

എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മറൈൻ ആംബുലൻസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(ഇ) പുറം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയ ഉപകരണങ്ങൾ

573 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി ആശയവിനിമയ ഉപകരണങ്ങൾ ഫിഷറീസ് വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപകരണങ്ങളാണ് അവയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനമാണ് സബ്സിഡി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉപകരണങ്ങൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എത്ര വള്ളങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കാനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, മാനദണ്ഡങ്ങൾ എന്നിവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## എഫ്.ഐ.എം.എസ്. ഡാറ്റാ ബേസ്

574 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണോ എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്; വിശദമാക്കാമോ;

(ബി) എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ പേര് രേഖപ്പെടുത്താത്ത എത്ര മത്സ്യത്തൊഴിലാളികൾ കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) തുടർന്നുള്ള സർക്കാർ പദ്ധതികളിൽ സഹായ വിതരണം നടത്തുന്നത് എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിനെ അടിസ്ഥാനമാക്കി മാത്രമാണോയെന്ന് വിശദമാക്കാമോ;

(ഡി) പേര് ഉൾപ്പെടാത്തവരെ എഫ്.ഐ.എം.എസ്. ൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് മുൻകൈയ്യെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ഇനിയും പേര് ചേർക്കാനായി കഴിയാത്തവർക്ക് അവസരം നൽകുമോയോന്നും

സമയം നീട്ടി നൽകുമോയെന്നും വിശദമാക്കാമോ?

## തീരദേശ പാക്കേജ്

575 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെ തീരദേശ പാക്കേജായി എത്ര കോടി രൂപയാണ് ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുകയാണ് ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

## പുനർഗേഹം പദ്ധതി

576 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് ബഡ്ജറ്റുകളിലായി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരുന്നത്; വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇനം തിരിച്ച് നൽകാമോ;

(ബി) പുനർഗേഹം പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി വിഹിതം നൽകിയിട്ടുണ്ട്; എത്ര വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

577 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കടലേറ്റം രൂക്ഷമാക്കുന്ന സാഹചര്യത്തിൽ കടലാക്രമണ പ്രതിരോധത്തിനു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ജലവിഭവ വകുപ്പുമായി ചേർന്ന് കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ സുരക്ഷിത ദൂരത്തേക്ക് മാറ്റി പാർപ്പിക്കാനുള്ള ബൃഹത് പദ്ധതിയായ 'പുനർഗേഹം' സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

578 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്‌സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കാത്തതിനാൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് സബ്‌സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ ബഡ്ജറ്റിൽ തുക നീക്കിവെച്ചെങ്കിലും അവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന പരാതി പരിശോധിക്കുമോ; വിശദമാക്കാമോ;

(സി) മത്സ്യമേഖലയുടെ സംരക്ഷണാർത്ഥം പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

**<u>മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ</u>**

579 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ഉൾനാടൻ ജലാശയങ്ങളിലെ ട്രോളിങ് കാലത്തുള്ള മണലൂറ്റൽ</u>**

580 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം പ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ ട്രോളിങ് കാലത്ത് മണലൂറ്റുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ബി) വ്യാപകമായ മണലൂറ്റൽ മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് തന്നെ കോട്ടം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>തീരദേശ സംരക്ഷണത്തിന് സാമ്പത്തിക പാക്കേജ്</u>**

581 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന സാമ്പത്തിക പാക്കേജിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) എന്തൊക്കെ ഘടകങ്ങളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) വേ സൈഡ് സൗകര്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളെന്തെല്ലാമാണ്; ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി മാനദണ്ഡങ്ങളെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വടകര നിയോജക മണ്ഡലത്തിലെ തീരദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

## ബ്ലൂ ഇക്കോണമി കരട് നയം

582 **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ. കെ. ജെ. മാക്സി**

**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരട് നയം ഈ സർക്കാർ പഠന വിധേയമാക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(ബി) ജീവനോപാധിയായി കടൽ മത്സ്യബന്ധനത്തെ ആശ്രയിക്കുന്നവരുടെ സാമ്പത്തിക സാമൂഹ്യ താല്പര്യത്തെ അവഗണിക്കുന്നതും വ്യവസായികളുടെ താൽപര്യം സംരക്ഷിക്കാനുദ്ദേശിച്ച കൊണ്ടുള്ളതുമാണ് കരട് നയത്തിലെ നിർദ്ദേശങ്ങൾ എന്ന ആശങ്ക ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരട് നയത്തിൽ ഉചിതമായ തിരുത്തൽ വരുത്തുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ;

(സി) തീരക്കടൽ മത്സ്യബന്ധനം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഒഴിവാക്കാൻ വേണ്ട നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

## നൂതന മത്സ്യകൃഷി രീതികൾ

583 **ശ്രീ പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ്**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഏതൊക്കെ മേഖലയിൽ നിന്നുള്ള സേവനങ്ങളാണ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം മത്സ്യകൃഷി രീതികൾ നടപ്പാക്കുന്ന ഫാമുകൾക്ക് സബ്സിഡികൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) യുവതീയുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകി ഇത്തരത്തിലുള്ള മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വാഴാനി ജലസംഭരണിയിൽ മത്സ്യോത്പാദനം

584 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ജലസംഭരണിയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് വനംവകുപ്പ് അനുമതി നിഷേധിക്കുന്നത് ഉൾനാടൻ മത്സ്യോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തടസ്സം നീക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

## ഉൾനാടൻ മത്സ്യകൃഷി

585 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മാർക്കറ്റ് കണ്ടെത്തുന്നതിനും ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സർക്കാർ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

586 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ശുദ്ധജല ആവാസ വ്യവസ്ഥകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) തദ്ദേശീയ മത്സ്യങ്ങൾക്കും ജലജീവികൾക്കും ഭീഷണിയാകുന്ന തരത്തിൽ അധിനിവേശ മത്സ്യങ്ങളും അലങ്കാര മത്സ്യങ്ങളും നദികളിലും ജലാശയങ്ങളിലും വ്യാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തദ്ദേശീയ മത്സ്യങ്ങളെയും ജലജീവികളെയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി

587 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) ഹാച്ചറിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ഇ) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ;

(എഫ്) മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് എന്നത്തേക്ക് സജ്ജമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

## മത്സ്യകൃഷി പുനരുദ്ധരിക്കാൻ നടപടികൾ

588 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിലുള്ള ഞാറക്കൽ, മാലിപ്പുറം ഫിഷ് ഫാമുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മത്സ്യക്കുഞ്ഞുങ്ങളെ പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതി

589 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വീതം പുഴയിൽ നിക്ഷേപിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത് പൊതു കുളങ്ങളിലോ പൊതുജലാശയങ്ങളിലോ ആണെങ്കിൽ മത്സ്യ സമ്പത്ത് തിരികെ കിട്ടാൻ സാധ്യത കൂടുതൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ നദികൾക്ക് പകരം പൊതുകുളങ്ങളോ പൊതു ജലാശയങ്ങളോ തെരഞ്ഞെടുക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം

590 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി നേരിടാൻ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## അഴീക്കൽ ബീച്ചിന്റെ വികസനം

591 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ അഴീക്കൽ ബീച്ചിന്റെ വികസനത്തിനായി

എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നവീകരണം**

592 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഏതെല്ലാം റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളിൽ ഇതുവരെയും പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

**തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ**

593 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിൽ നിർവ്വഹിക്കുന്ന പ്രവൃത്തികൾ**

594 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്നതും ഭരണാനുമതി ലഭിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെയും നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) നിർവ്വഹണം നടത്തേണ്ടതും ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകുമോ?

**തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ**

595 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർവ്വഹണം പൂർത്തിയാക്കാത്തവ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ

596 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതൊക്കെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിനാണ് കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളവയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയവയിൽ ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ള പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

597 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചലച്ചിത്ര-സാംസ്കാരിക വകുപ്പുകളിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന വിവരം അറിയിക്കുമോ;

(ബി) കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരൻമാരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി മുൻ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

598 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകളാണ് സർക്കാർ ഇതുവരെ നടപ്പാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

599 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബജറ്റിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഗാലറി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ നാട്ടരങ്ങ് പദ്ധതി

600 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നാട്ടരങ്ങ് പദ്ധതി പ്രകാരം എത്ര തുകയാണ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നത്; വിശദവിവരങ്ങൾ നൽകാമോ?

## കലാഭവൻ മണി സ്മാരകം

601 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നടൻ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) സ്മാരകത്തോടനുബന്ധിച്ച് കേരള ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

602 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും ആയതിന് അനുവദിച്ച തുകയും വിശദമാക്കാമോ?

## തെയ്യം കലാകാരന്മാർ അനുഭവിക്കുന്ന പ്രതിസന്ധി

603 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ മലബാറിലെ തെയ്യം കലാകാരന്മാരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) അനുഷ്ഠാന കലയായ തെയ്യം ജീവിതോപാസനയാക്കിയ ഇവർക്ക് മറ്റ് തൊഴിലുകൾ എടുക്കാൻ കഴിയാത്തതിനാൽ ദളിത് വിഭാഗത്തിൽപ്പെട്ട ഈ കലാകാരന്മാർക്ക് അടിയന്തര സഹായം പ്രഖ്യാപിക്കുമോ?

## നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ

604 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം,

സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 17 ലെ ബഡ്ജറ്റിൽ നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

605 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ</u>**

606 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സിനിമാ മേഖലയിലെ സ്ത്രീകൾ തൊഴിൽപരമായ വിവേചനവും ലിംഗ വിവേചനവും നേരിടുന്നതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;

(സി) സിനിമാ മേഖലയിൽ കാസ്റ്റിംഗ് കൗച്ച്, ലഹരി ഉപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗൗരവതരമായ നിരീക്ഷണങ്ങളുള്ള പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുമോ?

**<u>യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതികൾ</u>**

607 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ മലപ്പുറം ജില്ലയിൽ യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പിന്നാക്ക, ന്യൂനപക്ഷ, തീരദേശ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

## യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം

608 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്ത നിവാരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് രൂപീകരിച്ചിട്ടുള്ള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യ പ്രതിബദ്ധതയുള്ള യുവജനതയെ വാർത്തെടുക്കുവാൻ പദ്ധതി

609 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ യുവജന ക്ലബ്ബുകളെയും മറ്റു യുവജന സംഘടനകളെയും പങ്കെടുപ്പിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## യുവജനങ്ങൾക്കുള്ള പദ്ധതികൾ

610 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഇരിക്കൂർ മണ്ഡലത്തിൽ യുവജനക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ യുവജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].